**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92** **27-07-2021 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ നാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2020 സെപ്റ്റംബർ 25 ലെ വിജ്ഞാപന പ്രകാരം സ്ഥാപിക്കപ്പെട്ട ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയ്ക്ക് 2021 ജനുവരി 29 ന് യുജിസി ആക്ട് 2 (എഫ്) പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. യുജി, പിജി പ്രോഗ്രാമുകളും ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് സർവകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. 20 യുജി പ്രോഗ്രാമുകളും 9 പിജി പ്രോഗ്രാമുകളും തുടങ്ങാനാണ് സർവകലാശാല തയാറെടുക്കുന്നത്. വിദൂര വിദ്യാഭ്യാസ മാതൃകയിൽ യുജി, പിജി കോഴ്സുകൾ തുടങ്ങുന്നതിന് യുജിസിയുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ (DEB) യുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട്. ഈ അനുമതി നൽകുന്നത് യുജിസിയുടെ 2020 ലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റെഗുലേഷൻ പ്രകാരമാണ്. ഇതു പ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രൊജക്റ്റ് റിപ്പോർട്ട്, എൻട്രി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ DEB യ്ക്ക് സമർപ്പിക്കണം. ഇവയെല്ലാം സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. സർവകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും പഠന വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ  അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. നിലവിലെ കാമ്പസ്സിന് പുറമെ അക്കാദമിക പ്രവർത്തനങ്ങൾക്ക് വേണ്ടി പടിഞ്ഞാറേകൊല്ലം ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവകലാശാലയ്ക്ക് ആവശ്യമായ രീതിയിൽ സ്കൂൾ കെട്ടിടങ്ങൾ മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകുന്നതാണ്. സർവകലാശാലയുടെ പഠനകേന്ദ്രങ്ങ ളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാന മെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർ തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ്. ഈ സൗകര്യങ്ങൾ എല്ലാം നേരിട്ട് പരിശോധിച്ചതിനു ശേഷമേ യുജിസി കോഴ്സുകൾക്ക് അംഗീകാരം നൽകുക യുള്ളൂ. ഇവ സമയ ബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യുജിസി യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | വിദൂര വിദ്യാഭ്യാസ പദ്ധതി തടസ്സപ്പെടാതിരിക്കാൻ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന വിദൂര വിദ്യാഭ്യാസം തുടരുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യിൽ വിദൂര വിദ്യാഭ്യാസ പദ്ധതി ആരംഭിക്കുന്നതുവരെ വിദൂര വിദ്യാഭ്യാസം നേടുന്നതിനുള്ള വിദ്യാർത്ഥികളുടെ അവസരം സംരക്ഷിക്കുന്നതിനായി നിലവിലെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം തുടരുന്നതിനുള്ള നടപടി കൾ സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ